ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ജനുവരി 23, 2018

**ഭോപ്പാൽ നാഗരിക് സഹകാരി ബാങ്കിന് (ഭോപ്പാൽ, മധ്യപ്രദേശ്) നൽകിയ ലൈസൻസ് ഭാരതീയ റിസർവ് ബാങ്ക് റദ്ദു ചെയ്യുന്നു.**

ഭാരതീയ റിസർവ് ബാങ്കിന്റെ 2018 ജനുവരി 17 ലെ ഉത്തരവ് പ്രകാരം ഭോപ്പാൽ നാഗരിക് സഹകാരി ബാങ്കിന്(പൂനെ, മഹാരാഷ്ട്ര) നൽകിയ ലൈസൻസ് റദ്ദു ചെയ്തിരിക്കുന്നു. 2018 ജനുവരി 22 ന്റെ ഇടപാടുകൾ അവസാനിക്കുന്ന സമയം മുതൽ ഈ ഉത്തരവ് പ്രാബല്യത്തിലുണ്ടായിരിക്കും. ലികിഡേറ്ററെ നിയമിക്കുവാനും ബാങ്കിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാനുമായി സഹകരണ സംഘം രജിസ്ട്രാർ (മധ്യപ്രദേശ്) വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

ബാങ്കിന്റെ ലൈസൻസ് ഭാരതീയ റിസർവ് ബാങ്ക് റദ്ദു ചെയ്യുവാനുള്ള കാരണങ്ങൾ:

i) ബാങ്കിന് ആവശ്യമായ മൂലധനമോ ലാഭ സാധ്യതയോ ഇല്ല. അതിനാൽ 1949ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ 11(1), 22(3)(d), 56 എന്നീ വകുപ്പുകൾ ബാങ്ക് പാലിച്ചിട്ടില്ല.

ii) നിലവിലേയും ഭാവിയിലേയും നിക്ഷേപകരുടെ നിക്ഷേപങ്ങൾ കാലാവധി അവസാനിക്കുമ്പോൾ പൂർണ്ണമായി തിരികെ നല്കാനുള്ള കഴിവില്ലായ്മ. മുകളിൽ സൂചിപ്പിച്ച നിയമത്തിലെ 22(3)(a), 56 എന്നീ വകുപ്പുകളുടെ ലംഘനം.

iii) നിലവിലുള്ളതും ഭാവിയിലേയും നിക്ഷേപകരുടെ താല്പര്യങ്ങൾക്ക് ദോഷകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ. മുകളിൽ സൂചിപ്പിച്ച നിയമത്തിലെ 22(3)(b), 56 എന്നീ വകുപ്പുകളുടെ ലംഘനം.

iv) ബാങ്ക് അതിന്റെ മൂലധനം വര്ധിപ്പിക്കുന്നതിനോ സാമ്പത്തിക പുനഃസംഘടനക്കോ വേണ്ടി യാതൊരു നടപടിയും എടുത്തിട്ടില്ല എന്ന് മാത്രമല്ല മൂർത്തമായ/ പ്രായോഗികമായ ഒരു പുനരുദ്ധാരണ പദ്ധതിയും ആവിഷ്കരിക്കുവാൻ ബാങ്കിന് കഴിഞ്ഞിട്ടില്ല.

v) ആവശ്യമായ സമയവും സൗകര്യങ്ങളും നൽകിയിട്ടും മടങ്ങിവരവിനു/ മെച്ചപ്പെടലിന് വിദൂരമായ സാദ്ധ്യത പോലുമില്ലാത്ത സാമ്പത്തിക സ്ഥിതി.

vi) ഈ സ്ഥാപനത്തെ തുടർന്നു പ്രവർത്തിക്കുവാൻ അനുവദിച്ചാൽ അത് പൊതുജന താല്പര്യത്തിന് ദോഷകരമായിരിക്കും.

ലൈസൻസ് റദ്ദു ചെയ്തതോടു കൂടി ഭോപ്പാൽ നാഗരിക് സഹകാരി ബാങ്കിനെ (ഭോപ്പാൽ, മധ്യപ്രദേശ്) ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ വകുപ്പ് 5(b)യിൽ നിർവചിച്ചിരിക്കുന്ന ബാങ്കിംഗ് ഇടപാടുകൾ, നിക്ഷേപങ്ങൾ സ്വീകരിയ്ക്കുന്നതും മടക്കി കൊടുക്കുന്നതും ഉൾപ്പെടെ, നടത്തുന്നതിൽ നിന്നും ഈ സമയം മുതൽ വിലക്കിയിരിയ്ക്കുന്നു.

ലൈസൻസ് റദ്ദു ചെയ്യുകയും ലിക്വിഡേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്ത സ്ഥിതിക്ക് ഡെപ്പോസിറ്റ് ഇൻഷുറൻസ് & ക്രെഡിറ്റ് ഗാരന്റി കോർപ്പറേഷന്റെ വ്യവസ്ഥകൾക്ക് വിധേയമായി ബാങ്കിന്റെ നിക്ഷേപകർക്ക് നിക്ഷേപസംഖ്യ തിരികെ നൽകുവാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ലിക്വിഡേഷൻ സമയത്ത് DICGCയുടെ സാധാരണ നടപടിക്രമങ്ങൾക്കു വിധേയമായി എല്ലാ നിക്ഷേപകർക്കും തങ്ങളുടെ നിക്ഷേപം ഒരു ലക്ഷം രൂപയുടെ പരിധിക്കുള്ളിൽ ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കും.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന: 2017-2018/2010